# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ: 4190 — 25.06.2018-ലെ മറുപടി

### പൈപ്പ് പൊട്ടുന്നത് അടിയന്തിരമായി പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തുമ്പോൾ പൈപ്പ് പൊട്ടുന്നത് അടിയന്തിരമായി പരിഹരിക്കാത്തത് മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും<br>ഉണ്ട്. പൈപ്പ് ലൈനുകൾ പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കഴിയുന്നത്ര വേഗത്തിൽ അവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ പി.ഡബ്ല്യു.ഡി/ കെ.എസ്.റ്റി.പി/ എൻ.എച്ച്.റോഡുകൾ മുറിക്കുന്നതിന് അനുമതി ലഭിക്കാൻ വൈകുന്ന സാഹചര്യങ്ങളിൽ ഇത്തരത്തിലുള്ള ലീക്കുകൾ പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും അതിനുപുറമേ 'ബ്ലൂ ബ്രിഗേഡ്' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br>കൂടാതെ കാലപ്പഴക്കം കൊണ്ട് പൊട്ടുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ.